"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ഇലക്ഷൻ വകുപ്പ് - ലോക് സഭാ തിരഞ്ഞെടുപ്പ് 2024 - സർക്കാർ ഉദ്യോഗസ്ഥരായ ബൂത്ത് ലെവൽ ഓഫീസർമാർക്ക് വോട്ടേഴ്സ് ഇൻഫർമേഷൻ സ്ലിപ് വിതരണം, ASD ലിസ്റ്റ് തയ്യാറാക്കൽ, വോട്ടർ ഗൈഡ് വിതരണം എന്നിവയ്ക്കായി ഡ്യൂട്ടി ലീവ് - ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഇലക്ഷൻ (ജനറൽ) വകുപ്പ്

സ.ഉ.(സാധാ) നം.266/2024/ELEC തീയതി,തിരുവനന്തപുരം, 17-04-2024

---

പരാമർശം:- 1. സ.ഉ.(സാധാ) നം.180/2024/ഇലക്ഷൻ തീയതി 22/03/2024.

2. 06/04/2024-ലെ സ.ഉ.(സാധാ) നം.236/2024/ഇലക്ഷൻ.

**ഉത്തരവ്**

സംസ്ഥാനത്ത് 2024 ഏപ്രിൽ 26-ന് നടക്കുന്ന ലോക് സഭാ തിരഞ്ഞെടുപ്പിൽ വോട്ടർമാർക്ക് വോട്ടേഴ്സ് ഇൻഫർമേഷൻ സ്ലിപ്പ് വിതരണം ചെയ്യുന്നതിനും ആയതിന്റെ തുടർ പ്രവർത്തനങ്ങൾക്കുമായി സർക്കാർ ഉദ്യോഗസ്ഥരായ ബൂത്ത് ലെവൽ ഓഫീസർമാർക്ക് 08/04/2024 മുതൽ 20/04/2024 വരെയുള്ള പ്രവർത്തിദിനങ്ങളിൽ ഏതെങ്കിലും 2 ദിവസത്തേയ്ക്ക് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർമാരുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ഡ്യൂട്ടി ലീവ് അനുവദിക്കുന്നതിന് അനുമതി നൽകി പരാമർശം(2) പ്രകാരം ഉത്തരവായിരുന്നു.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വോട്ടേഴ്സ് ഇൻഫർമേഷൻ സ്ലിപ്പ് വിതരണവും അതുസംബന്ധിച്ച തുടർ പ്രവർത്തനങ്ങൾ, ASD ലിസ്റ്റ് തയ്യാറാക്കൽ, വോട്ടർ ഗൈഡ് വിതരണം പോളിംഗ് ദിനത്തിന് 5 ദിവസം മുന്നേ പൂർത്തിയാക്കേണ്ടതുള്ളതിനാൽ സർക്കാർ ഉദ്യോഗസ്ഥരായ ബൂത്ത് ലെവൽ ഓഫസീസർമാർക്ക് ബന്ധപ്പെട്ട ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസറുടെ സർ ട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ 08/04/2024 മുതൽ 21/04/2024 വരെയുള്ള പ്രവർത്തിദിനങ്ങളിൽ ഏതെങ്കിലും 4 ദിവസം ഡ്യൂട്ടി ലീവ് അനുവദിക്കുന്നതിന് എല്ലാ വകുപ്പ് മേധാവികൾക്കും അനുമതി നൽകി പരാമർശം(2)-ലെ 2-ാം ഖണ്ഡിക ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3) പരാമർശം(2) ഉത്തരവ് മേൽപ്പറഞ്ഞ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

കൃഷ്ണദാസൻ പി

ADDITIONAL SECRETARY & ADDITIONAL CHIEF ELECTORAL OFFICER

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് മേധാവികൾക്കും.

എല്ലാ കേന്ദ്ര/സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്കും.

സെക്രട്ടേറിയറ്റിലെ പൊതുഭരണം, നിയമം, ധനകാര്യം വകുപ്പുകൾക്ക്.

നിയമസഭാ സെക്രട്ടേറിയറ്റ്.

വിവര പൊതുജന സമ്പർക്ക (വെബ് & മീഡിയ) വകുപ്പ് (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർമാർക്കും/എല്ലാ ജില്ലാ കളക്ടർമാർക്കും/എല്ലാ റിട്ടേർണിംഗ് ഓഫീസർമാർക്കും.

കരുതൽ ഫയൽ (ഇഎൽ.7/12/2024/ഇലക്ഷൻ)

ഉത്തരവിൻ പ്രകാരം,

Signed by
Shivlal R V
Date: 17-04-2024 16:17:03

സെക്ഷൻ ഓഫീസർ,